# SPEECH OF HAZRAT KHALIFATHULLAH MUNIR AHMAD AZIM (ATBA)

### ON THE OCCASION OF THE **SPECIAL GET-TOGETHER**, JAMAAT-UL-SAHIH-AL-ISLAM, KERALA 15-17-MAY 2015

### AT NOORUL ISLAM MASJID, MATHRA

## പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

കേരള ജമാഅത്തിലെ അംഗങ്ങളായ എന്റെ പ്രിയ സഹോദരന്മാരെ, സഹോദരിമാരെ, കുഞ്ഞുങ്ങളേ! അസ്സലാമു അലൈക്കും വ. റഹ്മത്തുല്ലാഹ് വ.ബർക്കാത്തുഹൂ.

മാത്രയിലെ നൂറുൽ ഇസ്ലാം മസ്ജിദിൽ, നിങ്ങളുടെ ആത്മീയ സൗഹൃദ സംഗമം നടക്കുന്ന ഈ സന്ദർഭത്തിൽ നിങ്ങളെ അഭിസംബോധന ചെയ്യുക എന്നത് സന്തോഷം ഉളവാക്കുന്ന ഒരു കാര്യമാണ്. നമ്മുടെ കാലത്ത് വളരെ പ്രാധാന്യമർഹിക്കുന്ന ചില മതകാര്യങ്ങളെക്കുറിച്ച്, അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ നിങ്ങളോട് പറയുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ!

നിങ്ങൾ ഒരു കാര്യം എപ്പോഴും ഓർത്തുകൊള്ളുക. മത വിശ്വാസ പ്രഖ്യാപനങ്ങൾ എളുപ്പത്തിൽ നടത്താവുന്നതാണ്; എന്നാൽ, ജീവന്റെ അവസാന ശ്വാസം വരെ അത് നിലനിർത്തുകയും നശിക്കാതെ സംരക്ഷിച്ചു വളർത്തുകയും ചെയ്യുക എന്നത് വലിയ പ്രയാസകരം തന്നെ. നിങ്ങളുടെ കാലത്തെ ദൈവദൂതനും അല്ലാഹുവിന്റെ ഖലീഫയും ആയിട്ടുള്ള ഈ വിനീതനിൽ വിശ്വസിച്ച്, അനുചരസംഘത്തിൽ പ്രവേശിച്ചുവെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഓരോരുത്തർക്കും വലിയ പരീക്ഷണങ്ങൾ ഇതുപോലെ കാത്തിരിക്കുന്നു. അല്ലാഹു (ത) ഈ കാലത്ത് നിങ്ങൾക്ക് വാഗ്ദാനമായി നൽകിയിരിക്കുന്ന നിങ്ങളുടെ പരിശുദ്ധമായ വിശ്വാസത്തെ കാത്തു സംരക്ഷിക്കാൻ ഞാൻ പ്രേരിപ്പിക്കട്ടെ ! എന്ത് തരം പരീക്ഷണങ്ങളെ നേരിടേണ്ടി വന്നാലും വിശ്വാസത്തെ വിൽപ്പന ചരക്ക് ആക്കരുത്. അവിശ്വാസമോ, കപടതയോ, മതനിരാസമോ പകരം കൈയേൽക്കരുത്. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ച് അനുസരണ പ്രതിജ്ഞ - ബൈ അത്ത് - ചെയ്തിട്ടുളളവർ വിശ്വാസത്തെ സംരക്ഷിക്കേണ്ടതാണ്. വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. **" പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. പറയുക, നിങ്ങൾ അല്ലാഹുവിനേയും ഈ ദൂതനേയും അനുസരിക്കുക. ഇനി അവർ പിൻതിരിഞ്ഞു കളയുന്നപക്ഷം (ഓർക്കുക) അല്ലാഹു അവിശ്വാസികളെ സ്നേഹിക്കുന്നില്ല."** (3: 32 – 33)

ഓർക്കുക, വിശുദ്ധ ഖുർആനിലെ ഈ നിർദ്ദേശങ്ങളൊന്നും തന്നെ വെറുതെ ഉൾപ്പെടുത്തിയതല്ലാ **'ഖിയാമത്തു'** നാൾവരെയുള്ള വേദപുസ്തകം എന്ന നിലയിൽ അല്ലാഹു (ത), വിശുദ്ധ ഖുർ ആന്റെ വിവിധ ഭാഗങ്ങളിൽ ഇതുപോലെയുള്ള ആശയങ്ങൾ പരാമർശിച്ചിട്ടുണ്ട്. തോന്നുമ്പോൾ ഏർപ്പെടുവാനും ക്ഷീണിക്കുമ്പോൾ ഉപേക്ഷിക്കാനും ഉള്ള ഒരു കളിയും വിനോദമാർഗ്ഗവുമല്ലാ ബൈഅത്ത് എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. വിശ്വാസ കാര്യങ്ങൾ ഗൗരവതരമായ വിഷയമാണ്. മോക്ഷ പ്രാപ്തിക്കും ദിവ്യ സാന്നിദ്ധ്യ പ്രാപ്തിക്കും വേണ്ടിയുള്ള സങ്കീർണപാതയിലെ പാസ്പോർട്ട് ആണ് ബൈഅത്ത് അഥവാ ശരിയായ

വിശ്വാസം. ഒരു യാത്രക്കാരന് തന്റെ യാത്ര വിജയകരമായി പൂർത്തിയാക്കാൻ അവശ്യം വേണ്ട ചില കാര്യങ്ങളുണ്ട്. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ തൃപ്തികരമായ പുരോഗതി ഉറപ്പു വരുത്താൻ അവശ്യം വേണ്ട കാര്യങ്ങളൊക്കെ തന്നോടൊപ്പം കരുതി വയ്ക്കണം. ഇവിടെ, ഈ യാത്രയിലെ യാത്രക്കാർ നമ്മൾ മനുഷ്യർ തന്നെയാണ്. ദൈവീകദാസരായ നമുക്കിടയിൽ ഒരു വഴികാട്ടിയായി ഈ വിനീതനെ നിയമിച്ചത് ദൈവം തമ്പുരാനാണ് - ഒരു മധ്യസ്ഥനും സമാധാന ദൂതനും ദിവ്യകാരുണ്യത്താൽ നിങ്ങളെ പരിഷ്ക്കരിച്ച് യഥാർത്ഥ ദൈവീകദാസർ ആക്കി മാറ്റേണ്ടയാളായും ഞാൻ അയക്കപ്പെട്ടിരിക്കുന്നു. ഈ കാലത്തെ ദൈവീക പ്രവർത്തന പ്രതിഭാസത്തിൻ കീഴിലെ സത്യവിശ്വാസികളെന്ന പേര് നിങ്ങൾ നേടണം; നിങ്ങളുടെ കാലത്തെ അല്ലാഹുവിന്റെ ദൂതന്റെ യഥാർത്ഥ അനുചരന്മാർ; കേരളത്തിലോ, ലോകത്തിന്റെ മറ്റു ഭാഗങ്ങളിലോ ഉള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ യഥാർത്ഥ അംഗങ്ങൾ എന്ന പേര് ആർജ്ജിക്കുക.

ദൈവീക ദൂതന്മാരുടെ വരവിനോടനുബന്ധിച്ച് ഒരു പ്രധാന തത്വം മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹുവിനോടുള്ള അനുസരണം പുലർത്തുന്നതിനോടൊപ്പം ദൈവ ദൂതനോട് ബഹുമാനവും അനുസരണവും പുലർത്തപ്പെടണം. ദൂതന്റെ നേരിട്ടുള്ള നേതൃത്വത്തിൻ കീഴിൽ പ്രവർത്തിക്കുന്നവരും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരും അദ്ദേഹത്തെ ആദരിക്കും. ദൈവ ദൂതൻമാർ സമൂഹ ശ്രദ്ധയ്ക്ക് വേണ്ടി ആഗ്രഹിക്കുന്നവരല്ല. വ്യക്തി എന്ന നിലയിൽ തന്റെ പ്രഭാവം മറ്റുള്ളവരെ അനുസരിപ്പിക്കുന്നതിലാണെന്ന് അവർ കരുതുകയുമില്ല. എന്നാൽ, ഒരു സംഘടനാ പ്രസ്ഥാനത്തിന്റെ കെട്ടുറപ്പിനുവേണ്ടിയുള്ള അനുസരണം, അല്ലാഹുവിന്റെ കൽപനകളൊക്കെ ബഹുമാനിക്കപ്പെടുകയും അക്ഷരാർത്ഥത്തിൽ നടപ്പിലാക്കപ്പെടുകയും ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്.

അല്ലാഹു (ത) പറയുന്നു. **"അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക."** അല്ലാഹുവിന്റെ ദൂതനെയും അനുസരിക്കുക എന്ന് അല്ലാഹു (ത) പറഞ്ഞില്ലെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? സാക്ഷാൽ ഹസ്രത് മുഹമ്മദ് (സ) ന് പോലും അപരിഷ്കൃതരായ ഒരു ജനതയെ - ജാഹിലിയ്യാ കാലത്തെ അറബികളെ - സംസ്കരിച്ചെടുക്കുവാനും അവരെ ആത്മീയോന്നതിയുടെ രാജപാതയിൽ സഞ്ചരിക്കുന്ന ധാർമ്മിക വ്യക്തികളാക്കി തീർക്കാനും ഏറെ ബുദ്ധിമുട്ടേണ്ടി വന്നേനെ ! ആ ജനത ആ ദൂതനെ അനുസരിക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശക തത്വങ്ങളെ അവർ അവഗണിക്കുമായിരുന്നു. ധാർമ്മിക പീഢനങ്ങൾ അവരുടെ പ്രവർത്തികളിലൂടെ അദ്ദേഹം അനുഭവിക്കേണ്ടി വരുമായിരുന്നു. തന്റെ കഴിവിന്റെ പരമാവധി അദ്ദേഹം പരിശ്രമിച്ചു. എന്നിട്ടും മുഴു ലോകത്തിന്റെയും കാരുണ്യമായി വന്ന ആ മഹാനുഭാവന് പലരുടെയും ഹൃദയങ്ങളെ മാറ്റി മറിയ്ക്കാനായില്ല. അവർ കപട വിശ്വാസികളും പിന്നീട് അവിശ്വാസികളും ആയി തീർന്നു. വിശ്വാസികളായി തുടർന്നവരിൽ പോലും ബലഹീനരായിരുന്നവർ ഉണ്ടായിരുന്നു. ഇസ്ലാം സ്വീകരിച്ചിട്ടും ഹൃദയവും ആത്മാവും കൊണ്ട് യഥാർത്ഥ വിശ്വാസത്തെ തങ്ങളുടെ ആത്മാവിലേക്ക് ആവാഹിയ്ക്കാത്തവർ, രഹസ്യമായി തിരുനബിയെ കുറ്റപ്പെടുത്തി, ജീവിതത്തിൽ അവർക്ക് നേരിടേണ്ടി വന്ന ദുരന്തങ്ങളുടെ പേരിൽ !

അല്ലാഹുവിന്റെ ദൂതരായ ഹസ്രത് മുഹമ്മദ് (സ) നോട് അനുസരണക്കേട് പുലർത്തപ്പെട്ട നിരവധി സംഭവങ്ങൾ ചരിത്രത്തിൽ ഉണ്ട്. അതിലൊന്ന് ഉഹ്ദ് യുദ്ധ മുഖത്തു നിന്നാണ്. കപട വിശ്വാസികളുടെ രാജ്യ ദ്രോഹം അരങ്ങേറിയത് അവിടെയാണ്. തങ്ങളുടെ നേതാവായ അബ്ദുല്ലാ ഇബ്നു ഉബൈയ്യുടെ നേതൃത്വത്തിൽ, കപട വിശ്വാസികളുടെ സംഘം പ്രവാചകനെതിരിൽ തിരിഞ്ഞുകൊണ്ട്, യുദ്ധ മുഖത്തു നിന്ന് പിൻതിരിഞ്ഞോടി. ഒന്നോ രണ്ടോ പേരല്ല ഇങ്ങനെ പോയത്; അവർ മൂന്നൂറ് പേരുണ്ടായിരുന്നു; അതേ യുദ്ധ സമയത്തു തന്നെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നതിനേക്കാൾ, വിശ്വാസികളുടെ ഹൃദയം ചാഞ്ഞുപോയത് വെട്ടിപിടിക്കാനിരിക്കുന്ന ഭൗതിക നേട്ടങ്ങളിലും കച്ചവട മുതലുകളിലേക്കുമായിരുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിലെ ആത്മീയാനുഗ്രഹങ്ങൾക്കുമേൽ, ഭൗതിക ജീവിതാനുഗ്രഹങ്ങളെ അവർ മുൻഗണനയിൽപ്പെടുത്തി.

വിജയത്തിന്റെ കൊടുമുടിയിൽ വച്ച്, അവർ നിരായുധരും പരാജിതരുമായിത്തീരാൻ കാരണം നബി തിരുമേനിയോടുള്ള അനുസരണക്കേട് തന്നെ. അല്ലാഹുവിന്റെ ശത്രുക്കൾ അവസരം മുതലാക്കി, യുദ്ധമുഖത്ത് അപ്രതീക്ഷതമായി തിരിച്ചെത്തി, മുസ്ലീംകളെ അത്ഭുതപ്പെടുത്തി, മറ്റൊരാക്രമണം അവർ അഴിച്ചുവിട്ടു. ആ യുദ്ധത്തിലാണ് നമ്മുടെ പ്രിയങ്കരനായ നബിതിരുമേനിക്ക് തന്റെ ജീവൻപോലും നഷ്ടപ്പെട്ടേക്കാം എന്ന് സ്ഥിതിയുണ്ടായതും മുഖത്ത് പരിക്കേറ്റ്, മുൻവശത്തെ പല്ല് നഷ്ടമാവുകയും ചെയ്തത്. അത് സംഭവിക്കേണ്ടതായിരുന്നോ ? ഇതാണ് ചിന്തിക്കേണ്ട വിഷയം ! വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുകയും നബിതിരുമേനിയുടെ ഉപദേശങ്ങൾ കേൾക്കുകയും അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ, മുസ്ലീങ്ങൾ തീർച്ചയായും വിജയിക്കുമായിരുന്നു. എന്നാൽ, തങ്ങളുടെ വൈകാരിക താൽപര്യങ്ങൾക്കനുസൃതമായി അവർ പ്രവർത്തിച്ചപ്പോൾ, അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള അനുസരണക്കേട് അനൈക്യത്തിന്റെ മതിലുകൾ അവർക്കിടയിൽ നിഴലിച്ചു. യുദ്ധത്തിൽ അവർ പരാജിതരായി. ഹൃദയം കൊണ്ട് സ്നേഹിക്കുന്നുവെന്ന് അവർ അവകാശപ്പെട്ട്, അനുസരണ പ്രതിജ്ഞ ചെയ്ത നേതാവിന് മുറിവേൽക്കുന്ന അവസ്ഥയുണ്ടായി.

മറ്റവസരങ്ങളിലും, പലപ്പോഴും തിരുനബിക്ക് ദേഷ്യപ്പെടേണ്ടി വന്നിട്ടുണ്ട്. മുസ്ലീങ്ങളുടെ തെറ്റായ ചെയ്തികൾക്കെതിരിൽ അവരെ ഉപദേശിക്കുകയും തെറ്റ് തിരുത്താൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധാർമ്മികതയും പൊരുത്തവും, ഒരുമയും, ഐക്യതയും ഊട്ടിയുറപ്പിക്കാൻഉദ്ദേശിച്ചുകൊണ്ടുള്ള മത പാഠങ്ങൾ അവർക്ക് നൽകിയിട്ടുണ്ട്. എന്തെന്നാൽ, ഐക്യവും സംഘബോധവും ഇല്ലാതെ വരുമ്പോൾ എത്രവലിയ കാര്യങ്ങളും പരാജയമടയും ! സത്യമതത്തിന്റെ ഹൃദയം ത്രസിപ്പിക്കുന്ന പ്രവർത്തനോർജ്ജവും ഐക്യം തേടിയുള്ള യഥാർത്ഥ ആഗ്രഹവും കൂടാതെ ഒന്നും തന്നെ നേടുവാൻ കഴിയുകയില്ല. ഒരു ദൈവദൂതനോട് വിശ്വാസികൾ ചെയ്യുന്ന അനുസരണ പ്രതിജ്ഞ, അവർ തന്നെ നിരന്തരം ലംഘിക്കുന്ന അവസ്ഥയിൽ, അതിന് നിലനിൽക്കുവാൻ കഴിയുകയില്ല.

തീർച്ചയായും അല്ലാഹു (ത) സത്യമതത്തെ നിരാകരിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിന്റെ ദൂതനിൽ നിന്ന് യഥാർത്ഥ മാർഗ്ഗ നിർദ്ദേശം ലഭിച്ച ശേഷവും പിൻതിരിഞ്ഞു പോകുന്നവർ തങ്ങളുടെ ഭൗതിക ലാഭേച്ഛകൾക്ക് പ്രാധാന്യം നൽകുന്നു. ഇത്തരം വ്യക്തികൾ ജനങ്ങളെ ഭയപ്പെടുന്നു. സൃഷ്ടാവിനെക്കാൾ സൃഷ്ടികൾക്ക് പ്രാധാന്യം നൽകുന്നവരാണവർ.

ഒരു യഥാർത്ഥ മുസ്ലീം ജനങ്ങളെ ഭയപ്പെടുകയില്ല; മറിച്ച്, അല്ലാഹുവിനെ ഭയപ്പെടും. അല്ലാഹുവിലും അവന്റെ ദൂതനിലും അനുസരണ പ്രതിജ്ഞ ചെയ്തു കഴിഞ്ഞ ഒരു വിശ്വാസി, ആ മഹത്തായ ഉത്തരവാദിത്വം അനുസരിച്ച് തന്റെ ജീവിതം ക്രമപ്പെടുത്തും. വിശ്വാസികളായ തന്റെ സഹോദരീ സഹോദരന്മാർക്കിടയിൽ സമാധാനം സ്ഥാപിക്കുവാൻ പരിശ്രമിക്കും. ഹൃദയ നൈർമല്യം കാത്തുസൂക്ഷിക്കും. അല്ലാഹുവിന്റെ തൃപ്തികാംക്ഷിച്ചുകൊണ്ട് സഹോദരങ്ങളുടെ അന്തസ്സിന് വൈയക്തിക താൽപര്യങ്ങൾക്ക് മുകളിൽ സ്ഥാനം നൽകുന്നതാണ്. ഒരു യഥാർത്ഥ മുസ്ലീം അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കും. ദൈവദൂതന്റെ നിർദ്ദേശകതത്വങ്ങൾക്ക് പ്രാധാന്യം നൽകും. തന്റെ സഹോദരന് വേണ്ടി അഭയമൊരുക്കുവാൻ തയ്യാറാകും. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടുള്ള പ്രവർത്തികളിൽ ഏർപ്പെടും. അല്ലാഹുവിന്റെ കോപത്തേയും അതൃപ്തിയേയും ഭയക്കും.

നമ്മൾ ബലഹീനരാണ്. അല്ലാഹു (ത) വിലുള്ള ഉറച്ച വിശ്വാസവും അവന്റെ ദൂതൻ ഹസ്രത്ത് മുഹമ്മദ് (സ) ന്റെ മാതൃകയും , ജീവിതപാതയിൽ പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടു പോകുവാൻ വേണ്ട

സ്ഥൈര്യവും ആത്മവിശ്വാസവും നൽകും. യഥാർത്ഥ വിശ്വാസികൾ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുന്നവരാണ്. അല്ലാഹുവിലും അവന്റെ ദൂതനിലും അവർ വിശ്വാസമർപ്പിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി തന്നെയാണ് അവർ ആത്യന്തികമായി കാംക്ഷിക്കുന്നതും.

ഒരാൾ ഒരു വിശ്വാസിയായിരിക്കുവാനും, അവിശ്വാസിയായിരിക്കുവാനും, ഒരേ സമയത്ത് സാധിക്കുകയില്ല. അങ്ങനെ ഒരാൾ ഉണ്ടെങ്കിൽ അയാൾ കപടവിശ്വാസിയായിരിക്കും. അയാൾ നിശ്ചയമായും അല്ലാഹുവിന്റെ സംഘത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ആളായിരിക്കും. രണ്ട് വള്ളത്തിൽ ചവിട്ടി ഒരാൾക്ക് യാത്രചെയ്യുവാൻ സാധിക്കുകയില്ല. അയാൾ അതിൽ നിന്ന് വീഴുകയും മുങ്ങി ചാവുകയും ചെയ്യുന്നതാണ്. തന്റെ ജീവിതത്തിലെ ലക്ഷ്യമെന്താണെന്ന് ഒരാൾ മനസ്സിലാക്കിയിരിക്കണം. ജനങ്ങൾ എന്ത് വിചാരിക്കും ? എന്നായിരിക്കരുത് ചിന്തിക്കേണ്ടത്, മറിച്ച് അല്ലാഹുവും അവന്റെ ദൂതനും എന്താണ് തന്നെപ്പറ്റി ചിന്തിക്കുന്നത് എന്നായിരിക്കണം ചിന്തിക്കേണ്ടത്. തന്റെ മുൻഗണന ഈ ലോകത്തിനോ ? അതോ ശാശ്വതമായ പരലോകത്തിനോ ? താൻ മുൻഗണന കൊടുക്കുന്നത് ഭൗതികത്തിനോ ? അതോ ആത്മീയതയ്ക്കോ ? ഒരു യഥാർത്ഥ വിശ്വാസി അൽപ്പാൽപ്പമായി അല്ലാഹുവിനോട് ദു ആ ചെയ്ത്, തന്റെ തെറ്റുകുറ്റങ്ങളിൽ നിന്ന് മോചനം നേടി, അല്ലാഹുവിന്റെ തൃപ്തിയിലേക്ക് എത്തിച്ചേരുവാൻ സദാ ശ്രമിക്കുന്നതാണ്. ഇത്തരം വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെടുമ്പോൾ, അല്ലാഹു (ത) തന്റെ ദൂതനോട് ആ വ്യക്തിയെക്കുറിച്ച് സംതൃപ്തി അറിയിക്കുകയും, അല്ലാഹു (ത) തന്റെ മാലാഖമാരിലൂടെ, അത്തരം വിശ്വാസികളുടെ ഹൃദയങ്ങളെ ഉത്തേജിപ്പിക്കുകയും, അത്തരം ആളുകളെ, അല്ലാഹുവിന്റെ ലോകത്തിലെ വിലപ്പെട്ടവരാക്കി തീർക്കുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ മാതൃകകളായി, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ മാറുവാനും അതിലൂടെ ലോകം യഥാർത്ഥ മുസ്ലീംങ്ങളെ കാണുവാനും അല്ലാഹു ആഗ്രഹിക്കുന്നു. എന്റെ പ്രിയ അനുചരന്മാരെ ! ഈ മഹത്തായ ദിനത്തിൽ എന്റെ വിനീത ഉപദേശം ഇതാണ്, നിങ്ങൾ ഇപ്പോൾ ഒരുമിച്ചു കൂടിയിരിക്കുന്നത്, സാഹോദര്യം ഊട്ടിയുറപ്പിക്കുവാനാണ്. അതിലൂടെ നിങ്ങൾക്ക് ഒരുമിച്ചു നിന്ന് അല്ലാഹുവിന്റെ തൃപ്തിക്കായി ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ ഉണ്ട്. ചെയ്യുവാൻ കഴിയുന്നതുമാണ്. ഒരു നല്ല ഉദ്ദേശം ഒരു നല്ല പ്രവർത്തിയുടെ നാരായവേരാണ്. ഓരോ വ്യക്തിക്കും അവരവരുടേതായ അഭിപ്രായങ്ങൾ ഉണ്ടാകും. എന്നാൽ അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും സന്തോഷകരമായ കാര്യം, ഐക്യത്തിനുവേണ്ടി ശ്രമിക്കുകയും, ശക്തമായ സാഹോദര്യബന്ധം നിലനിർത്തുകയും, അല്ലാഹുവിന്റെ മതത്തിലെ വിശ്വാസി സഹോദരങ്ങൾ ശക്തരായും എന്നെന്നും പച്ചപിടിച്ചു നിൽക്കുന്നതും കാണുവാനാണ്.

നിങ്ങൾ എല്ലാവരും എന്റെ അനുചരന്മാരാണ് ! എന്റെ ഹൃദയത്തിനോട് ചേർന്ന് നിൽക്കുന്നവരാണ്! എന്നാൽ ഏറ്റവും ചേർന്നു നിൽക്കുന്നത് അല്ലാഹുവാണ്! ലോകത്തിൽ പൊതുവെയും തങ്ങളുടെ പരിസരങ്ങളിൽ പ്രത്യേകിച്ചും, ജമാഅത്തിന്റെ നന്മയെ കരുതി പ്രവർത്തിക്കുന്ന സഹോദരങ്ങളുടെ സദുദ്ദേശങ്ങളുടെയും പ്രവർത്തനങ്ങളുടെയും കൂടെയാണ് ഈ വിനീതനായ ദൈവദാസൻ! ഇവരുടെ പ്രവർത്തനങ്ങളുടെ ചുവരടയാളങ്ങൾ അന്ത്യനാൾവരെ നിലനിൽക്കുന്നതാണ്. ഹസ്രത് മുഹമ്മദ് (സ) യുടെ അനുചരന്മാരുടെ പ്രവർത്തനങ്ങൾ പോലെ ! നിങ്ങൾ മനസ്സിലാക്കണം മുഹമ്മദ് (സ)യുടെ അനുചരന്മാരിലും, അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്നിരുന്നു. ചർച്ചകളിലും നിലനിന്നിരുന്നു. എന്നാൽ ഈ ബാലിശമായ അഭിപ്രായ വ്യത്യാസങ്ങൾ, ഇസ്ലാമിന്റെ പുരോഗതിക്കും, അല്ലാഹുവിലും പ്രവാചകനിലുമുള്ള വിശ്വാസത്തിന് മങ്ങൽ ഏൽപ്പിച്ചിട്ടില്ല.

എന്റെ ആദ്യകാല അനുയായികളോടും, ഇപ്പോൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചവരോടും എനിക്കുള്ള ഇന്നത്തെ ഉപദേശം ഇതാണ് ; അതായത് വിശ്വാസ കാര്യങ്ങൾ എളുപ്പമുള്ള ഒരു വഴിയല്ല. വഴിയിൽ അനേകം തടസ്സങ്ങൾ ഉണ്ടാകും! എന്നാൽ ദുആ യോടും, സദുദ്ദേശത്തോടും, മാപ്പ് ചെയ്യുന്ന

ഹൃദയത്തോടും ഇസ്ലാമിൽ നിങ്ങൾക്ക് കാണാം - ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ - ഇസ്ലാമിന്റെ യഥാർത്ഥ പ്രാതിനിധ്യം ലോകമെമ്പാടും വ്യാപിക്കുന്നത് ! അപ്പോൾ എല്ലാവിധ പരീക്ഷണങ്ങളിലൂടെയും നിങ്ങൾ കടന്നു പോകേണ്ടി വരും. എന്നാൽ അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടെങ്കിൽ, നിങ്ങളോടൊപ്പം എല്ലാം ഉണ്ട് എന്ന റിയുക! അല്ലാഹു നിങ്ങളോടൊപ്പം ഇല്ലെങ്കിൽ നിങ്ങളോടൊപ്പം ഒന്നുമില്ല! അല്ലാഹുവിന്റെ ഈ ദൂതൻ, ഈ വിനീതൻ നിങ്ങളോടൊപ്പമുള്ളത് ഒരു പരിമിത കാലത്തേക്ക് മാത്രമാണ്. എന്റെ ദൗത്യം പൂർത്തിയായാൽ, അല്ലാഹു (ത) എന്നെ തന്നിലേക്കു മടക്കി വിളിക്കുന്നതാണ്! അപ്പോൾ ജമാഅത്തിന്റെ ഉത്തരവാദിത്വം നിങ്ങ ളുടെ മേൽ വന്ന് പതിക്കുന്നതാണ്. ഇസ്ലാമിനെ പരിഷ്ക്കരിക്കുന്നതിന്, മനുഷ്യകുലത്തിനെ മുഴവൻ സംസ്ക്ക രിക്കുന്നതിന്, റൂഹുൽ ഖുദ്സുമായി മറ്റൊരു ദൂതനെ അല്ലാഹു ഉയർത്തുന്നതുവരെ ! ഇത് അല്ലാഹുവിന്റെ നടപടി ക്രമമാണ്! അല്ലാഹു താൻ തെരഞ്ഞെടുക്കുന്നവരുടെ മഹത്വവും, നിയമനസാധുതയും അവൻ കാത്തുസൂക്ഷിക്കുന്നതാണ് !

ആയതിനാൽ, ഇരുകയ്യും നീട്ടി സ്വീകരിക്കുക, തുറന്ന ഹൃദയത്തോടെ ! ഈ നൂറ്റാണ്ടിൽ അല്ലാഹു(ത) നിങ്ങൾക്കു നൽകിയ പ്രത്യേക ഔദാര്യത്തെ ! ഇത് അംഗീകരിക്കുന്നതിലൂടെ, അല്ലാഹു (ത) നിങ്ങളെ അവന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്, എന്നാൽ നിങ്ങൾ മനസ്സിലാക്കണം, നിങ്ങളുടെ ക്ഷമയുടെ നില വാരം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എത്രത്തോളം ഉണ്ടെന്ന് അവൻ പരീക്ഷിക്കുന്നതാണ്. നിങ്ങളുടെ ഹൃദ യത്തിൽ യഥാർത്ഥ വിശ്വാസം ഉണ്ടോ എന്നറിയുന്നതിനായി! നിങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ **" ഈ ലോകത്ത് അല്ലാഹുവിനെയും അവന്റെ ദൂതനെയും മറ്റ് ഏതിനെക്കാളും ഉപരിയായി ഞാൻ അനുസരിക്കുന്ന താണ് !"** ഈ പ്രതിജ്ഞയനുസരിച്ച് ജീവിക്കുന്നവർ ഭാഗ്യവാന്മാർ! ഇസ്ലാമിന്റെ മഹത്വം സ്ഥാപിക്കുവാനായി, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ, തങ്ങളുടെ രാജ്യത്തും ലോകമെമ്പാടും, പരിശ്രമിക്കുന്നവർ അനുഗ്ര ഹീതർ !

നിങ്ങളുടെ സദുദ്ദേശങ്ങളെ അല്ലാഹു (ത) അനുഗ്രഹിക്കട്ടെ ! നിങ്ങളുടെ എല്ലാ പ്രയാസങ്ങളെയും അല്ലാഹു (ത) നീക്കം ചെയ്യട്ടെ ! അല്ലാഹു (ത) യുടെ ജമാഅത്തിനെ ഒന്നാക്കി തീർക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിങ്ങളുടെ ഞാനെന്ന ഭാവം അല്ലാഹു ഇല്ലായ്മ ചെയ്യട്ടെ ! എല്ലാ പ്രവാചകരന്മാരും തങ്ങളിൽ വിശ്വസിച്ചവരിൽ നിന്ന് ഇത്തരം പ്രശ്നങ്ങൾ നേരിട്ടിട്ടുള്ളവരാണ്. ആയതിനാൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് അതേ തെറ്റ് നാം ആവർത്തിക്കാതിരിക്കുവാൻ ശ്രമി ക്കുക! ആയതിനാൽ ഐക്യത്താൽ ശക്തരായിത്തീരുക! അല്ലാഹു (ത) യുടെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുവാനുള്ള കഴിവു നൽകട്ടെ ! വാഗ്ദത്ത വിജയത്തിനായി നമുക്ക് മുന്നോട്ട് കുതിക്കാം. അതിനായി നമുക്ക് നന്ദിപൂർവ്വം, ഹൃദയങ്ങളെ അല്ലാഹുവിന് സമർപ്പിക്കാം. നമ്മുടെ രക്ഷകന്റെ മുമ്പിൽ, നമ്മുടെ സംര ക്ഷകന്റെ സന്നിധാനത്തിൽ, അനന്ത സുഹൃത്തിന്റെ സവിധത്തിൽ ഇൻശാ അല്ലാഹ് ആമീൻ. ഈ സംഗ മത്തെ അല്ലാഹു അനുഗ്രഹിക്കട്ടെ ! അവന്റെ മാലാഖമാരുടെ സാന്നിദ്ധ്യമുണ്ടാകട്ടെ ! പങ്കെടുക്കുന്നവർക്കും സഹായിക്കുന്നവർക്കും അല്ലാഹു (ത) അനുഗ്രഹം ചൊരിയട്ടെ ! ഈ കാലഘട്ടത്തിലെ ദൈവീക ദൃഷ്ടാ ന്തത്തെ ആത്മാർത്ഥതയോടെ നെഞ്ചിലേറ്റിയവരെ ! ആമീൻ സുമ്മആമീൻ, യാ റബ്ബൽ ആലമീൻ.

**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fazil Jamal and R. Jamaludin Raother**